കാസർകോഡ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവർ

1300 [2331] ശ്രീ. സി. റ്റി. അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കാസർകോട് ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ 1986 മേയ് 30 വരെ എത്രപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

1986 മേയ് 31–ലെ കണക്കനുസരിച്ച് 43,614 പേർ.

ഇരിങ്ങാലക്കുട എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ഓഫീസിനു കെട്ടിടം

1301 [2332] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇരിങ്ങാലക്കുട എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ഓഫീസിനു പുതിയതായി കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

ഇരിങ്ങാലക്കുട അസിസ്റ്റൻറ് ലേബർ ഓഫീസിന് കെട്ടിടം

1302 [2333] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട അസിസ്റ്റൻറ് ലേബർ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇരിങ്ങാലക്കുട അസിസ്റ്റൻറ് ലേബർ ഓഫീസിന് കെട്ടിടം പണിയാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിലില്ല.

അപ്രൻറീസ് അഡ്വൈസറുടെ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഐ.ടി.ഐ. ക്കാർ

1303 [2334] ശ്രീ. കെ. ടി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾ തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരത്തുള്ള അപ്രൻറീസ് അഡ്വൈസറുടെ ഓഫീസിൽ ഐ.ടി.ഐ. പാസ്സായിട്ടുള്ള എത്രപേരാണു 1985–ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്രപേർക്കു അപ്രൻറീസായിട്ട് അഡ്വൈസ് നൽകിയിട്ടുണ്ട്;

(സി) ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിയമിക്കുന്നതിനു ഇടയിൽ എത്ര പേരെയാണു അഡ്വൈസ് ചെയ്തിട്ടുള്ളത്;

(ഡി) ഇതിൽ പട്ടികജാതി വിഭാഗത്തിലുള്ളവർ എത്രപേരാണ്; അവരുടെ പേരും അഡ്രസ്സും വ്യക്തമാക്കാമോ;

(ഇ) രജിസ്ട്രേഷൻ നമ്പരിൻറെ സീനിയോറിറ്റിയിൽ എത്ര നമ്പർവരെയുള്ളവരെയാണു നാളിതുവരെ അപ്രൻറീസായിട്ട് അഡ്വൈസ് ചെയ്തിട്ടുള്ളത്;

(എഫ്) ഹരിജൻ വിഭാഗത്തിലുള്ളവരിൽ സീനിയോറിറ്റി നമ്പർ എത്ര വരെയുള്ളവരെയാണു നാളിതുവരെ അഡ്വൈസ് ചെയ്തിട്ടുള്ളത്?

ഉത്തരം

(എ) 3255 പേരാണു 1985–ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) 408 പേർക്കു അപ്രൻറീസായിട്ട് അഡ്വൈസ് നൽകിയിട്ടുണ്ട്.

(സി) ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിയമിക്കുന്നതിനു വിവിധ ട്രേഡുകളിലായി 13–2–1986–ൽ 230 പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്.

(ഡി) ഹരിജനങ്ങൾ 10 പേരാണ്. പേരും അഡ്രസ്സും ചുവടെ ചേർക്കുന്നു.

1. ടി. മോഹനൻ,
   കിഴക്കേത്തട്ട് വീട്, അമ്പലപ്പുറം,
   ഇ. ററി. സി. പി. ഒ. കൊട്ടാരക്കര.
2. യശോദരൻ,
   ചരുവിള വീട്, കൊച്ചാഞ്ഞിലിമൂട്,
   ഇടക്കോട്, എഴുകോൺ പി.ഒ.
3. കെ. വിജയൻ,
   പനവിളത്തട്ട് പുത്തൻവീട്,
   ചൊവ്വര പി.ഒ., ബാലരാമപുരം.
4. ജി. അശോക് കുമാർ,
   തച്ചൻവിള വീട്, ടാലവപുരം,
   ചെറുന്നിയൂർ പി.ഒ,
5. ആർ. ശിവൻ,
   നടുത്തറകുന്നിൽ പുത്തൻവീട്,
   മലയിൻകീഴ് പി.ഒ.
6. കെ. മണി,
   തുണ്ടുവിള വീട്, മേലാററിങ്ങൽ,
   ആലങ്ങോടു പി.ഒ., ആററിങ്ങൽ.
7. ജോസ് സുധാകർ,
   എസ്. വി. നിവാസ്, ബി.എച്ച്.എസ്.സിന. സ്റ്റോപ്പ്,
   പേരൂർക്കട, തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly

8. കെ. രാജേന്ദ്രൻ,
ഒൊക്കിടിവീട്, അതിയന്നൂർ,
ആറാലുംമൂട് പി.ഒ.

9. ജി. ശശി,
നരുത്തുൻകുഴിവീട്, അച്ചൻകോട്,
വിനോദനികേതൻ, നെടുമങ്ങാട്.

10. എൻ. ത്യാഗു,
മഞ്ചു വിലാസ്, അരുവിക്കോട്, വട്ടപ്പാറ പി.ഒ.,
തിരുവനന്തപുരം.

(ഇ) സ്റ്റേറ്റുമെൻറ് ഇതോടൊപ്പം വയ്ക്കുന്നു.†

(എഫ്) സ്റ്റേറ്റ്മെൻറ് ചേർത്തിട്ടുണ്ട്.

ഓഡേപെക് മുഖേന വിദേശത്തു പോകുന്ന ഡോക്ടർമാർ

1304 [2335] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൻെറ നിയന്ത്രണത്തിലുള്ള 'ഓഡേപെക്' ഇക്കഴിഞ്ഞ 3 വർഷത്തിനുള്ളിൽ എത്ര ഡോക്ടർമാരെ വിദേശത്തേക്ക് അയച്ചു;

(ബി) ഇങ്ങനെ അയയ്ക്കുന്ന ഡോക്ടർമാരിൽനിന്നും എന്തെങ്കിലും ഫീസ് ഈടാക്കാറുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര രൂപവീതം;

(ഡി) ഏതെങ്കിലും കാരണത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഡോക്ടർമാർക്കു പോകാൻ കഴിയാത്ത സാഹചര്യത്തിൽ ഇവരിൽനിന്നും ഈടാക്കിയ ഫീസ് തിരിച്ചു നൽകാതിരിക്കാൻ എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(ഇ) ഏതാനും മാസങ്ങൾക്കുമുൻപ് ലിബിയയിലേക്കു ഈ സ്ഥാപനം ഡോക്ടർമാരെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്രപേരെ;

(ജി) ഇവരിൽ ഓരോരുത്തരിൽനിന്നും എത്ര രൂപ വീതം ഫീസ് ഇനത്തിൽ വാങ്ങി;

(എച്ച്) ലിബിയയിൽ ബോംബാക്രമണം ഉണ്ടായതിനെത്തുടർന്നു പോകാൻ കഴിയാതെ വന്ന ഡോക്ടർമാർക്കു അവരിൽനിന്നു ഈടാക്കിയ ഫീസ് തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഐ) ഇതു സംബന്ധിച്ച് കിട്ടിയ നിവേദനങ്ങളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) 94 ഡോക്ടർമാരെ വിദേശത്തേക്ക് അയച്ചിട്ടുണ്ട്.

(ബി) സർവ്വീസ് ചാർജും, വെൽഫെയർ ചാർജും ഈടാക്കുന്നുണ്ട്.

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (2324) കാണുക]

Sl. No.	Trade	No. registered during 1985	Seniority No.	Seniority No. in Harijan category
1.	Tractor	3	..	..
2.	Blacksmith	52	728	791
3.	Carpenter	59	976	992
4.	D/Civil	538	1414	2192
5.	D/Mech.	95	582	651
6.	Electrician	726	1023	1279
7.	Electronics	319	555	759
8.	Fitter	315	2947	3133
9.	Inst. Mechanic	10	188	191
10.	Diesel Mech.	64	486	563
11.	Mech. Motor vehicle	77	584	729
12.	Machinist	52	587	587
13.	Mech. Ref. & A.C.	81	319	337
14.	Moulder	11	485	502
15.	Painter	31	60	60
16.	Plumber	102	489	619
17.	Mech. Radio & T.V.	291	601	1098
18.	Sheet Metal Worker	99	872	984
19.	Surveyor	25	237	280
20.	Tool & Die maker	8	27	No candidates in S.C. category.
21.	Welder	135	1075	1152
22.	Wireman	84	799	841
23.	Watch & Clock Repairer	10	36	36
24.	Turner	62	509	561
25.	Electroplater	6	26	26

LIBRARY ARCHIVES Kerala Legislative Assembly